KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# ചെറുപുഷ്പം

ഡിജിറ്റൽ മാഗസിൻ




## ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ, കാവാലം

# ഡിജിറ്റൽ മാഗസിൻ

# 2018-19

**ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ, കാവാലം**
**ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS



# സന്ദേശം

കാവാലം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ 2018-19 അദ്ധ്യയന വർഷത്തിൽ 'ചെറുപുഷ്പം' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്. പാഠ്യ-പാഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും സാഹിത്യ സൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും ഈ മാസികയ്ക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

റവ. ഫാ.സിറിൾ ചേപ്പില

സ്കൂൾ മാനേജർ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



# സന്ദേശം

കാവാലം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ തയാറാക്കിയ 'ചെറുപുഷ്പം' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ അഭിനന്ദിക്കുന്നു.

എന്ന്

എം. ജെ തോമസ്

ഹെഡ്മാസ്റ്റർ

(ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ കാവാലം)

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# എഡിറ്റോറിയൽ

**ഭൂമിക്ക് കരുതലും കാവലുമാകുവാൻ ഈ പ്രളയം നമ്മെ പഠിപ്പിക്കുകയുണ്ടായി .......**

**അതിജീവനത്തിന്റെ കരുത്തുമായി....**

**കരുതലും കാവലുമാകുവാൻ........**

**കൗമാരത്തിന്റെ കൂട്ടായ്മയിൽ .....**

**നവ കേരള സൃഷ്ടിക്കായ് ....നമുക്കോരുമിക്കാം....**

**ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ കാവാലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും**

**മാർഗനിർദേശം നൽകിയ ജോസി സാറിനും റോഷ്നി ടീച്ചറിനും നന്ദി !**

**ഹെൽന ട്രീസാ തോമസ്**

**(എഡിറ്റർ )**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# ഒരു കുന്നോളം വാത്സല്യം

ഭൂമിയാമമ്മതൻ നെഞ്ചിലെ ചോരയാണീ
ലോക കോണിലുള്ളോരോ പുഴയും
നെഞ്ചിലെ ചോരയാണെന്നറിഞ്ഞിട്ടും
ജീവതുടിപ്പുകളാണെന്നറിഞ്ഞിട്ടും

അമ്മതൻ ജീവനെ കട്ടെടുക്കാൻ
തയാറെടുക്കുന്ന മക്കളാം നാം
എന്തിനി മക്കളാം നമ്മൾ ജീവിക്കുന്നു
അമ്മയെക്കൊല്ലുവാനെന്നവർതൻ

മനസാക്ഷി അവനോട് ചോദിക്കില്ലേ?
ഇതുവരെ ചോദിച്ചില്ലേ?
എങ്കിലിതാ ചോതിക്കും നാൾബഹുദൂരമല്ലഅമ്മയെ
സ്നേഹിക്കാൻസ്നേഹിക്കാൻനിന്നുമവശേഷിക്കുന്നത

ഒരുപിടി ബാല്യങ്ങൾ
ഭൂമിയാമമ്മതൻ കണ്ണീരിൽ നനഞ്ഞ്
കുതിർന്നിതാ നിൽപ്പവർ
അമ്മതൻനൊമ്പരമറിയും കുഞ്ഞുമക്കൾ

അവരിതാ അമ്മയാം സ്നേഹത്തിൻ
പുഴയിലേക്കറിയാതെ കാൽവഴുതിവീണു
അവരറിയുന്നു അമ്മ അത് നീയാണ്

അവരെ തിരുത്തുവാനാവില്ലെന്നറിഞ്ഞിട്ടോ
അവരോടുള്ള വാത്സല്യം മൂലമോ
ഒരുനാളവരറിയും ഇക്കൊടും ക്രൂരത

അലീന ലാലു

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# എങ്ങോമായും ഗ്രാമം

ഹരിതാഭഭംഗിതൻ ചായങ്ങൾ
ചാലിച്ച് വിതറിയനാടാണെന്റെ ഗ്രാമം
കളകളം പാടുന്ന അരുവികൾ താളത്തിൽ
ഒഴുകികളിക്കുന്നനന്തഗ്രാമം
പൂവുകൾ പുഞ്ചിരിതൂകികളിക്കുന്ന
ഒരു കുഞ്ഞു സ്വർഗമാണെന്റെ ഗ്രാമം
പച്ചപട്ടുടയാട ചുറ്റിയ കതിരുകളാടുന്ന നെൽവയലുകൾ
സൂര്യരശ്മികൾ വർണ്ണപ്രഭാതങ്ങൾ കതിരിൻമേൽ തൂകുന്നു
പച്ചമരങ്ങൾ ഇളംകാറ്റിൽ ആലോലം
ചാഞ്ചാടുമി ഗ്രാമത്തിൽ
എങ്ങ് മാഞ്ഞുപോയ് എന്റെ ഈ ഗ്രാമം
ഇനി എന്റെ ഓർമയിൽ മാത്രമായൊരു ഗ്രാമം
ചേക്കേറുവാൻ പറന്ന്പോകുമി കിളികളിന്ന്
ഏത് മരക്കൊമ്പിൽ കൂടണയും
എങ്ങാ മായുമി എന്റെ ഈ ഗ്രാം
ഇനി ഏതു ജന്മത്തിൽ ഞാൻ കാണും
ഹരിതാഭഭംഗിതൻ ചായങ്ങൾ ചാലിച്ച്
വിതറിയ നാടാണെന്റെ ഗ്രാമം.............




by
aswini biju

# അമ്മ

**അമ്മയായ ഭൂമിയെ**
**നന്മയോടെ കാത്തിടൂ**
**നൽമരങ്ങൾ നട്ടിടൂ**
**നന്ദിയോടെ കാത്തിടൂ**
**ജീവവായു ഏകിടും**
**ജീവനെന്നും കാത്തിടാൻ**
**അമ്മയായ ഭൂമിയെ**
**ആശ്വസിപ്പൂ നാമെന്നും**
**ജീവനേകാനായിനി**
**കൈകൾ കോർത്ത് നിന്നിടാം**
**തണൽ മരങ്ങൾ നട്ടിടാം**
**ജീവവായു ഏകിടാം**

**ആഗ്നസ് ജോസഫ്**



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# വായന ഒരുവനെ പൂർണ്ണനാക്കുന്നു

*ആധുനികതയുടെ മടിത്തട്ടിൽ*
*അഭിരമിക്കുന്ന ഇന്നത്തെ ലോകം എല്ലാവിധ*
*സുഖസൗകര്യങ്ങളേയും സ്വായത്തമാക്കി*
*മൂന്നേറുമ്പോൾ കേവലം വർണ്ണക്കാഴ്ചകളുടെ*
*ലോകത്തിൽ മാത്രം ജീവിക്കൂന്ന ഈ യുവതലമുറയ്ക്ക്*
*'വായന' എന്നാൽ എന്താണെന്നോ അതിന്റെ*
*പ്രാധാന്യമെന്താനണെന്നോ അറിയില്ലാ.*
*വിവരസാങ്കേതിക വിദ്യയുടെ അതി പ്രസരം മൂലം*
*ഫെയ്സ്ബുക്കിന്റെയും ലോകത്ത് മാത്രം ഒതുങ്ങി*
*കഴിയുന്ന ഒരുതലമുറയെയാണ് നമുക്ക്*
*പരിചയപ്പെടാനാവുക കേവലം ചാറ്റിങ്ങ്ന്റേയും*
*ലൈക്കിന്റേയും ലോകത്ത് കഴിയാൻ ആഗ്രഹിക്കുന്ന*
*അവർക്ക് പുസ്തകങ്ങളുടേയും വായനയുടേയും*
*ലൈക്ക് നേടാൻ തീരെതാൽപര്യമില്ല ഇന്റർനെറ്റന്റെ*
*മാസ്മരിക ലോകത്ത് വിരസതയനുഭവപ്പെടാതെ*
*മണിക്കുറുകളോളം*
*കണ്ണുചിമ്മാതെ അതിന്റെ മുൻമ്പിൽ ഇരിക്കുന്ന ഈ*
*തലമുറയ്ക്ക് വായനയും*
*ഗ്രന്ഥങ്ങളും ഇന്ന്*
*അപരിചിതമാണ്.*



***അർച്ചന ശിവൻകുട്ടി***

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# FUNNY ENGLISH

1. HOW MANY MONTHS HAVE 28 DAYS?
2.WHO IS THE SILENT MEMBER OF THE PARLIAMENT?
3.WHERE IS A  PLACE ,WHERE DIVORCE COMES BEFORE MARRIAGE?
4.WHAT IS  THAT  WHICH BEGINS WITH T AND ENDS WITH T AND HAS TEA (T) IN IT?
5. WHAT IS THAT WHICH OCCURS ONCE IN A YEAR TWICE IN A WEEK AND NEVER IN A MONTH?

ROSAMMA K.A
(teacher L.F.H.S Kavalam)

ANSWERS

1.ALL MONTHS
2.LETTER I
3.IN DICTIONARY
4.TEA POT
5.LETTER E

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS

# സ്കൂൾ ആന്തം

***പുഞ്ചവയൽ ഓരം ചേരും***
***വഞ്ചിപ്പാട്ടിൻ താളം മൂളും***
***പമ്പയാറിൻ തീരം പുൽകും***
***നന്മ വിളയും ഗ്രാമം... ഈ-***
***കാവാലത്തിൻ സംസ്കൃതിയായി***
***കാലം കൊളുത്തിയ ജ്ഞാനശിഖ***
***ലിറ്റിൽ ഫ്‌ളവർ...ലിറ്റിൽ ഫ്‌ളവർ***

മാഗസിൻ തയാറാക്കാൻ ഞങ്ങളെ സഹായിച്ച അദ്ധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മക്കും ലിറ്റിൽ ഫ്ലവർ കുടുബത്തിനും ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

എന്ന് സ്റ്റുഡന്റ് എഡിറ്റർ
ഹെൽന

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

## നന്ദിയുടെ ഒരു വാക്ക്

## എല്ലാവർക്കും നന്ദി